# തൊഴിലെവിടെ?

കേരളാഗവൺമെൻറ്
സമർപ്പിച്ച
186 കോടി രൂപയുടെ
തൊഴിൽദാന പദ്ധതിക്ക്
കേന്ദ്രഗവൺമെൻറ്
അംഗീകാരം നൽകുക!

331.20954

AIYF, AISF

യങ്ങ് ഇന്ത്യ പ്രസിദ്ധീകരണം

യങ്ങ് ഇന്ത്യ, വാൻറോസ് ജംഗ്ഷൻ,
തിരുവനന്തപുരം-1.

ഒക്ടോബർ 1972

വില 15 പൈസ

331.20954

അഖിലേന്ത്യാ യുവജനഫെഡറേഷൻ
അഖിലേന്ത്യാ വിദ്യാർത്ഥിഫെഡറേഷൻ
സംസ്ഥാനക്കമ്മിററികൾ
സംയുക്തമായി
പ്രസിദ്ധീകരിക്കുന്നതു്.

PG Library & Research Center
4997

# തൊഴിലെവിടെ?

പഠിച്ചവരും പഠിക്കാത്തവരുമായ ലക്ഷക്കണക്കിനാളുകൾ ഇന്ത്യയിൽ ചോദിക്കുന്ന ചോദ്യമാണിതു്. സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷം ഇന്നോളം ഇടതടവില്ലാതെ ഈ ചോദ്യം നമ്മുടെ സാമൂഹ്യാന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. അനിശ്ചിതമായ ഒരു ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠയും, തകർന്ന പ്രതീക്ഷകളിൽനിന്നുയരുന്ന നിരാശയും അമർഷവുമൊക്കെ ഈ ചോദ്യത്തിലുണ്ടു്—തൊഴിലെവിടെ?

ഏററവും ഒടുവിൽ പുറത്തുവന്നിട്ടുള്ള ഔദ്യോഗിക വിവരമനുസരിച്ചു് ഇന്ത്യയിൽ ഈ ചോദ്യം ചോദിക്കാൻ നിർബ്ബന്ധിതരായിരിക്കുന്നവരുടെ സംഖ്യ 510 ലക്ഷമാണു്. മെട്രിക്കുലേററുകൾ, ബിരുദധാരികൾ, എൻജിനീയറിംഗും ടെക്നോളജിയും പാസ്സായവർ, ഡോക്ടറന്മാർ, നിയമം പഠിച്ചവർ എന്നിങ്ങനെ വിജ്ഞാനത്തിന്റെ വിവിധശാഖകളിൽ വൈദഗ്ദ്ധ്യമാർജ്ജിച്ചവരെല്ലാം ഈ 510 ലക്ഷത്തിൽ ഉൾപ്പെടുന്നുണ്ടു്. സ്വാതന്ത്ര്യം ലഭിച്ചു് കാൽനൂററാണ്ടു കഴിഞ്ഞതിനുശേഷമുള്ള ഇന്ത്യയിലെ യുവതലമുറയുടെ ദുരവസ്ഥയാണിതു്.

വളരെയേറെ പ്രധാനമായ കാര്യം, കഴിഞ്ഞ ഇരുപത്തഞ്ചുവർഷമായി തൊഴിലില്ലായ്മ അനുക്രമം കുറയുകയല്ല, ക്രമപ്രവൃദ്ധമായി വദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്.

ഇന്ത്യയുടെ ഇതരഭാഗങ്ങളിലുള്ളവരോടൊപ്പം കേരളത്തിലേയും ചെറുപ്പക്കാർ ദീർഘകാലമായി ചോദിച്ചുകൊണ്ടിരിക്കുന്നതും മറ്റൊന്നല്ല.

തൊഴിലെവിടെ?

കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ചോദ്യത്തിൻെറ പിന്നിൽ മറ്റൊരു പ്രത്യേകതകൂടിയുണ്ട്. സാക്ഷരതയിലും വിദ്യാഭ്യാസനിലവാരത്തിലും ഇന്ത്യയിൽ ഒന്നാംസ്ഥാനത്തു നില്ക്കുന്ന സംസ്ഥാനമാണ കേരളം. അതുകൊണ്ട് 'അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ' എന്നതു് ഇവിടെ സാധാരണവ്യവഹാരത്തിൻെറ ഭാഗമായിത്തീന്നിരിക്കുന്നു.

കേരളത്തിലെ തൊഴിലില്ലായ്മ വിസ്ഫോടകവും സങ്കീർണ്ണവുമായിത്തീന്നിരിക്കുന്നു. സംസ്ഥാന എക്കണോമിക്സ് ആൻറു സ്റ്റാററിസ്റ്റിക്സ് വകുപ്പിൻെറ ചില നിഗമനങ്ങൾ താഴെപ്പറയുന്നവയാണ്.

* നാലാംപദ്ധതിയുടെ അവസാനം കേരളത്തിൽ 11 ലക്ഷത്തിലധികം തൊഴിലില്ലാത്തവർ ഉണ്ടായിരിക്കും.

* 1970_ൽ 17 ലക്ഷത്തിലധികം പേർ എല്ലാക്കാലത്തും തൊഴിലില്ലാത്തവരായി ഉണ്ടായിരുന്നു.

* ആകെയുള്ള തൊഴിൽരഹിതരിൽ നാലിലൊന്നു മെട്രിക്കുലേഷനോ അതിനുമേലുള്ള പരീക്ഷകളോ പാസ്സായവരാണ്.

* തൊഴിൽരഹിതരുടെ അഞ്ചിൽ രണ്ടുഭാഗത്തിലധികം സ്ത്രീകളാണ്.

1971 അവസാനത്തിൽ കേരളത്തിലെ വിവിധ എംപ്ലോയ്മെൻറു് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തി

രുന്ന അഭ്യസ്തവിദ്യരുടെ കണക്കുകൂടി അറിഞ്ഞിരിക്കുന്നതു് പ്രയോജനകരമാണു്.

| | |
|---|---|
| മെട്രിക്കുലേററുകൾ | 175406 |
| ബിരുദധാരികൾ | 18971 |
| ആർട്ട്സ് ബിരുദധാരികൾ | 6408 |
| സയൻസ് ബിരുദധാരികൾ | 8140 |
| കോമേഴ്സ് | 2142 |
| വിദ്യാഭ്യാസം | 2481 |
| എൻജിനീയറിംഗും, ടെക്നോളജിയും | 2730 |
| മെഡിസിൻ | 415 |
| വെററിനറി | 116 |
| അഗ്രിക്കൾച്ചർ | 105 |
| നിയമം | 35 |
| പോസ്റ്റ് ഗ്രാഡ്വേററ്സ് | 2020 |
| ആർട്ട്സ് | 989 |
| സയൻസ് | 891 |
| കോമേഴ്സ് | 140 |

തൊഴിൽരഹിതരിൽ വളരെ വലിയൊരുവിഭാഗം, ഫലത്തിൽ 'അൺഎംപ്ലോയിമെൻറ് എക്സ്ചേഞ്ചുകളാ' യി മാറിയിട്ടുള്ള എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യാൻ മിനക്കെടാറില്ല എന്നതാണു പരമാത്ഥം. അതുകൊണ്ടു് തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ സംഖ്യ, മുകളിൽക്കൊടുത്ത കണക്കിൽനിന്നും എത്രയോ വലുതാണെന്നു കാണാൻ കഴിയും!

ഇതിനൊക്കെപ്പുറമേ വൃല്ലാക്കാലത്തും തൊഴിൽകിട്ടാത്തവരും ഇന്നാട്ടിൽ ധാരാളമുണ്ടെന്നു് ഗവണ്മെൻറു നടത്തിയ സർവ്വേ തെളിയിച്ചു.

## സമഗ്രമായ സാമ്പത്തികവികസനം അനിവാര്യം

സംസ്ഥാനം അഭിമുഖീകരിക്കുന്ന തൊഴിലില്ലായ്മ പ്രശ്നത്തിൻെറ ഗുരുതരസ്വഭാവം ഈ പഠനങ്ങളിലും സ്ഥിതിവിവരക്കണക്കുകളിലും നിന്നു് വ്യക്തമാണല്ലോ. ഇതിനു പരിഹാരമുണ്ടാക്കാൻ അല്പവും വൈകിച്ചുകൂടാ. എല്ലാ രംഗങ്ങളിലും വമ്പിച്ച പ്രത്യാഘാതങ്ങൾ ഉളവാ

ക്കാൻപോന്ന അപകടംപിടിച്ച ഈ പ്രശ്നത്തിന് സമുചിതമായ പരിഹാരം നിർദ്ദേശിക്കുവാനായി സാമ്പത്തിക വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിററിയെ 1970 നവംബറിൽ സംസ്ഥാനഗവണ്മെൻറ് നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിററി കേരളത്തിൻേറതായ പ്രത്യേക പ്രശ്നങ്ങൾ സമഗ്രമായി പഠിച്ചശേഷം, ഇവിടത്തെ തൊഴിലില്ലായ്മയുടെ ഗുരുതരാവസ്ഥ പരിഗണിച്ച് മൊത്തം 186 കോടി മുതൽമുടക്ക് വരുന്ന വികസനപദ്ധതികൾ നിർദ്ദേശിച്ചിരിക്കുകയാണ്. ഈ പ്രശ്നത്തിന് താൽക്കാലികമായ എന്തെങ്കിലും നിവൃത്തിമാർഗ്ഗം നിർദ്ദേശിക്കുന്നതിലും ഉപരിയായി സ്ഥായിയായ പരിഹാരം ഉണ്ടാക്കുന്നതിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ് പ്രസ്തുത ശുപാർശകൾ. പ്രത്യുല്പാദനപരവും, മൂലധനം സ്വരൂപിക്കുന്നതിന് സഹായകവും ആധുനിക സങ്കേതങ്ങൾ ഉപയോഗിക്കുന്നവയും ആയ പ്രോജക്ടുകൾക്കു മാത്രമേ തൊഴിൽ നിലവാരം സ്ഥിരമായ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്താൻ കഴിയൂ. ഇതിലേക്ക് സമഗ്രമായ സാമ്പത്തികവികസനം അനിവാര്യവുമാണ്.

## ചെറുകിട ജലസേചനം

ജലസേചനരംഗത്ത് ഗണ്യമായ വികസനത്തിന് അനന്തമായ സാദ്ധ്യതകളാണുള്ളതെന്ന് കമ്മിററി ചൂണ്ടിക്കാണിക്കുന്നു. മുറതെററാത്ത കാലവർഷത്താൽ കേരളം അനുഗ്രഹിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നാട്ടിലെ വളരെയേറെ ഏക്കർ ഭൂമിയിൽ ജലസേചനം ഇപ്പോഴും ഒരു പ്രധാന പ്രശ്നമാണ്. വൻകിട ജലസേചനപദ്ധതികൾക്ക് വമ്പിച്ച ചെലവുണ്ടാകുമെന്ന് മാത്രമല്ല, കുന്നുകളും താഴ്‌വരകളും നിറഞ്ഞ ഈ മലനാട്ടിൻെറ ഭൂപ്രകൃതിമൂലം അവകൊണ്ടുദ്ദേശിക്കുന്ന ഫലം സിദ്ധിക്കുകയും ചെയ്യുന്നില്ല. തുണ്ടുതുണ്ടായ ഭൂമികളിലാണ് ഇവിടെ കൃഷിയിറക്കിവരുന്നത്. അതുമൂലം വൻകിടയോ ഇടത്തരമോ ആയ ജലസേചനപദ്ധതികൾകൊണ്ടു് ആശിച്ച തോതിൽ പ്രയോജനമുണ്ടാകുന്നില്ല. അതിനാൽ ഏതാണ്ട് പത്തുകോടി രൂപയോളം ചെലവാക്കി കേരളത്തിൻെറ എല്ലാ ജില്ലകളിലും അടിയന്തിര

മായി ചെറുകിട ജലസേചനപദ്ധതികൾ ആരംഭിക്കുകയാണെങ്കിൽ 101 ലക്ഷം തൊഴിൽദിവസങ്ങളിലേക്കുള്ള ജോലി നൽകുവാൻ കഴിയുകയും 1.20 ലക്ഷം ഹെക്ടർ സ്ഥലത്തു് വെള്ളമെത്തിക്കാൻ സാധിക്കുകയും, 68,000 ടൺ നെല്ലു് കൂടുതൽ വിളയിക്കുവാൻ സഹായിക്കുകയും ചെയ്യുമെന്നു് കമ്മിററി കണക്കുകൂട്ടിയിരിക്കുന്നു. ഇപ്രകാരം തൊഴിൽ സൃഷ്ടിക്കുന്നതിനുപുറമെ നെൽവിളവു് അഭിവൃദ്ധിപ്പെടുത്താനും, സ്ഥിരം ജലസേചനപദ്ധതികൾക്കു് രൂപം നൽകുവാനും സാധിക്കുമെന്നതാണു് ഈ പദ്ധതിയുടെ ഒരു സവിശേഷത.

## തരിശുഭൂമി കൃഷിയോഗ്യമാക്കണം

ഭൂമി കൃഷിക്കുപയുക്തമാക്കുന്നതിനുവേണ്ടി സംസ്കരിച്ചെടുക്കുന്ന പ്രവർത്തനങ്ങൾ സമ്പദ്വ്യവസ്ഥയുടെ വികാസത്തെ സ്ഥായിയായി സഹായിക്കുകയും, കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നു് കമ്മിററി കരുതുന്നു. കേരളത്തിലെ പല ജില്ലകളിലും, വിശേഷിച്ചു് മലബാർ പ്രദേശത്തു്, വളരെയേറെ ഭൂമി കർഷകൻെറ കാലടിയും കലപ്പയുടെ വരവും കാത്തു് കിടപ്പുണ്ടു്. നല്ല മുതൽമുടക്കും മുറതെററാത്ത ശ്രദ്ധയും ഉണ്ടെങ്കിലേ ഈ തരിശുഭൂമികളെ കൃഷിത്തോട്ടങ്ങളാക്കാൻ പററൂ. മനസ്സില്ലാത്തതിനാലും പാങ്ങില്ലാത്തതിനാലും അവയുടെ ഉടമസ്ഥന്മാർ അതിനു് അറച്ചുനിൽക്കുകയാണു്. ഈ രംഗത്തു് ഗവണ്മെൻറു്ഏജൻസികൾ കടന്നുചെല്ലുകയും ബുൾഡോസർ കൊണ്ടു് ആ കന്നിമണ്ണു് ഉഴുതുമറിക്കുകയും കരനെല്ലു്, കടച്ചക്ക (പൃത്തിച്ചക്ക), ഇഞ്ചി, മരച്ചീനി, കശുമാവു് എന്നിവ വ്യാപകമായതോതിൽ കൃഷി ചെയ്യുകയും ചെയ്താൽ ആദായം വർദ്ധിക്കുകയും തൊഴിൽസാദ്ധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. ഏതാണ്ടു് രണ്ടു കോടി രൂപ ചെലവഴിച്ചു് നാല്പതിനായിരം ഏക്കർ ഭൂമി ഇപ്രകാരം ഒരുക്കിയെടുത്താൽ ഓരോ തവണയും 20,000 ടൺ, കശുഅണ്ടിയും 20,000 ടണ്ണോളം നെല്ലും, ഗണ്യമായ തോതിൽ ചെറുകിട വിളവുകളും നിഷ്പ്രയാസം ഉണ്ടാക്കുവാൻ കഴിയും. ആദ്യവർഷം

48 ലക്ഷം തൊഴിൽ ദിനങ്ങളിലും, രണ്ടാംവർഷം 24 ലക്ഷം തൊഴിൽദിവസങ്ങളിലും, മൂന്നാം കൊല്ലം 28 ലക്ഷം തൊഴിൽ ദിനങ്ങളിലും തൊഴിൽ നൽകാൻ ഉതകുന്നതിനു പുറമേ ഓരോ വിളവെട്ടപ്പുകാലത്തും മൂന്നു മാസത്തേക്കു് 40,000 ആളുകൾക്കു് പണികിട്ടുന്നതിനും ഈ ഭൂവികസന പരിപാടികൊണ്ടു് സാദ്ധ്യമാകും.

## കുട്ടനാട്ടിലെ പ്രശ്നങ്ങൾ

വെള്ളപ്പൊക്കവും, ഉപ്പുവെള്ളത്തിന്റെ തള്ളിക്കേററവുംമൂലം ദുരിതമനുഭവിക്കുന്ന കുട്ടനാടൻ പാടങ്ങളെ സംരക്ഷിക്കുവാനുള്ള പ്രവത്തനങ്ങൾ ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യണമെന്നതാണു് കമ്മിററിയുടെ വേറൊരു നിർദ്ദേശം. 1953-54-ൽ ആരംഭിച്ച കുട്ടനാട്ടു് വികസനപദ്ധതിയിൽ നിർദ്ദിഷ്ടമായിരുന്ന ചില പണികളെല്ലാം ഇതിനകം പ്രായോഗികമായിക്കഴിഞ്ഞിട്ടുണ്ടു്. തോട്ടപ്പള്ളി സ്പിൽവേ പൂത്തിയാവുകയും, ആലപ്പുഴ-ചങ്ങനാശ്ശേരി റോഡു് ഭാഗികമായെങ്കിലും പണി തീരുകയും, തണ്ണീർമുക്കം ബണ്ടിന്റെ പ്രവത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. എന്നാൽ കുട്ടനാടൻ കൃഷിക്കാരെ എപ്പോഴും അലട്ടിക്കൊണ്ടിരിക്കുന്ന മടവീഴ്ചയ്ക്കു് സ്ഥായിയായ പരിഹാരം കാണാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല. കുട്ടനാടിനെ സംബന്ധിച്ചിടത്തോളം ഇതൊരടിയന്തിരാവശ്യമാണു്. അതിനാൽ വെള്ളപ്പൊക്കത്തെ ചെറുത്തുനിൽക്കാൻ കഴിവുള്ള ഭംഗിയായ സ്ഥിരം ബണ്ടുകൾ പണിയുന്നതിനുള്ള പദ്ധതി ഗവണ്മെൻറു് നടപ്പിലാക്കണമെന്നു് കമ്മിററി ശുപാർശ ചെയ്തിട്ടുണ്ടു്. ഇതുമൂലം രണ്ടു പ്രയോജനങ്ങളുണ്ടാകും. ഒന്നു്: 51,000 ഹെക്ടർ നിലത്തു് രണ്ടുപൂവു് കൃഷിചെയ്യാൻ ഇടയാകും. അതുവഴി ഒന്നരലക്ഷം ടൺ അരി പ്രതിവഷം കൂടുതൽ ഉല്പാദിപ്പിക്കുകയും ചെയ്യാം. രണ്ടു്: ഔട്ടർബണ്ടുകളിൻ മൂന്നുലക്ഷം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കാം. അവയിൽനിന്നു് ഓരോ വർഷവും ഒരു കോടി രൂപയുടെ ആദായം ലഭിക്കുകയും ചെയ്യും. ഭൂമിയില്ലാത്ത കൃഷിത്തൊ

ഴിലാളികുടുംബങ്ങളെ ഈ ബണ്ടുകളിൽ കുടിപാർപ്പിക്കാവുന്നതാണ്. ബണ്ടിൻേറയും മററും പണി നടക്കുന്ന മൂന്നു വർഷക്കാലം 125 ലക്ഷം തൊഴിൽദിനങ്ങളിൽ ആളുകൾക്കു തൊഴിൽനൽകുകയും, രണ്ടു് പൂവ്വ് കൃഷി തുടങ്ങുമ്പോൾ രണ്ടാംവിളയ്ക്കായി 40,000 കർഷകത്തൊഴിലാളികൾക്കു് കൂടുതൽ ജോലി ലഭിക്കുകയും ചെയ്യും. ജലസേചനം, ഡ്രയിനേജ്, കുടിപാർപ്പ് സൗകര്യങ്ങൾ, ശുദ്ധജലവിതരണം തുടങ്ങി എല്ലാ മേഖലകളേയും സ്പർശിക്കുന്ന സമഗ്രമായ ഒരു വികസനപരിപാടി ആവിഷ്കരിച്ചാൽ മാത്രമേ ഈ പദ്ധതി കൊണ്ടു് ഉദ്ദേശിച്ച ഫലം കൈവരികയുള്ളൂ. തെങ്ങിൻ തൈകൾ നടുന്നതു് ഉൾപ്പെടെ ഈ പദ്ധതിക്കുള്ള ചെലവ് 21 കോടി രൂപയായിരിക്കുമെന്നു് കമ്മിററി കണക്കാക്കിയിട്ടുണ്ടു്.

## മത്സ്യബന്ധനം

590 കിലോമീററർ നീളത്തിൽ കടൽത്തീരമുള്ള കേരളത്തിൽ ഏതാണ്ടു് മൂന്നുലക്ഷത്തോളംപേർ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഇന്ത്യയിൽനിന്നു് മൊത്തത്തിൽ കയററി അയയ്ക്കപ്പെടുന്ന സമുദ്രോല്പന്നങ്ങളിൽ 85 ശതമാനവും ഈ രാജ്യത്തു് ആകെ ബന്ധിക്കപ്പെടുന്ന മത്സ്യത്തിൻെറ നാല്പതു ശതമാനവും കേരളത്തിൽനിന്നാണെന്നു് അറിയുമ്പോൾ തന്നെ കേരളത്തിനു് ഇക്കാര്യത്തിലുള്ള ഗണ്യമായ സ്ഥാനം വ്യക്തമാകുമല്ലോ. ഏതാണ്ടു് 25,000 നാടൻ തോണികളും 1,500 യന്ത്രവത്കൃതബോട്ടുകളും കുറച്ചു ട്രോളറുകളുമാണു് ഇന്നു് മീൻപിടിത്തരംഗത്തു് പ്രവത്തിച്ചുകൊണ്ടിരിക്കുന്നതു്. എന്നാൽ ഈ വ്യവസായം പൂണ്ണമായും ആധുനികവത്ക്കരിച്ചാൽ കൂടുതൽ ആളുകൾക്കു് തൊഴിൽ നേടിക്കൊടുക്കാനും ആദായം കാര്യമായതോതിൽ വദ്ധിപ്പിക്കുവാനും സാധിക്കുമെന്നതിനു് സംശയമില്ല. കൂടുതൽ യന്ത്രവത്കൃതബോട്ടുകളും ട്രോളറുകളും നിമ്മിക്കുക, മത്സ്യബന്ധന തുറമുഖങ്ങൾ നിമ്മിക്കുക, സംഭരണ–സംസ്കരണസൗകര്യങ്ങൾ വിപുലപ്പെടുത്തുക, വിതരണസംവിധാ

നം വ്യാപ്തവും ശക്തവുമാക്കുക, മീൻപിടിത്ത തൊഴിലാളികളുടെ പാർപ്പിടസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയാണ് ആധുനികവല്കരണപരിപാടിയിലെ പ്രധാന ഇനങ്ങൾ. നീണ്ടകര, പൊന്നാനി, ബേപ്പൂർ, അഴീക്കൽ, അഴീക്കോട്ട്, തലായി തുടങ്ങിയ മീൻപിടിത്തതുറമുഖങ്ങളുടെ വികസനംസംബന്ധിച്ച പ്രോജക്ട്റിപ്പോർട്ടുകൾ ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

## നീണ്ടകരത്തുറമുഖം

നീണ്ടകരത്തുറമുഖവികസനത്തിന് 7.62 കോടി രൂപയോളം ചെലവാകുമെന്നാണ് കണക്കാക്കപ്പെടുന്നതു്. തുറമുഖം വികസിക്കുന്നതോടെ ഏഴായിരത്തി അറുനൂറിൽ പരം പേക്ക് പുതുതായി തൊഴിൽ ലഭിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. എട്ടു ലക്ഷത്തോളം രൂപ നിർമ്മാണച്ചെലവ് വേണ്ടിവരുന്ന അഴീക്കോട്ട് തുറമുഖത്തിൻെറ പണി പൂർത്തിയാകുമ്പോൾ 9,500 പേക്ക് തൊഴിൽ അവസരങ്ങൾ ഉണ്ടാകുവാനിടയുണ്ട്. മുന്നൂറിൽപരം യന്ത്രബോട്ടുകൾക്കും, 80 ട്രോളറുകൾക്കും ഇടം നൽകത്തക്കവിധത്തിൽ ബേപ്പൂർ തുറമുഖം പുനഃസംവിധാനം ചെയ്യുമ്പോൾ ഈ തുറമുഖത്തിന് വർഷംതോറും 1,04,000 ടൺ മത്സ്യം കൈകാര്യം ചെയ്യാൻ കഴിയും. തുറമുഖവികസനത്തിനുവേണ്ടിവരുന്ന ചെലവ് 17.36 കോടി രൂപയാണ്. 14,000 പേക്ക് ഇവിടെ പുതുതായി തൊഴിൽ നേടിയെടുക്കാനും സാദ്ധ്യതയുണ്ട്. തലശ്ശേരിക്കടുത്തുള്ള തലായി തുറമുഖവികസനത്തിന് 8.70 കോടി രൂപയുടെ നിക്ഷേപം വേണ്ടിവരുമെന്നാണ് തുറമുഖ എഞ്ചിനീയറിംഗ് വിഭാഗം കണക്കാക്കിയിരിക്കുന്നതു്. ഇവിടേയും പ്രതിവർഷം 9,500 പേക്ക് തൊഴിൽ ലഭിക്കും. മേൽപ്പറഞ്ഞ തുറമുഖങ്ങളുടെ പണി നടക്കുമ്പോൾ ആയിരക്കണക്കിന് തൊഴിലാളികൾക്ക് പണി കിട്ടുകയും ചെയ്യും. പൊതുമേഖലയിൽനിന്നുള്ള നിക്ഷേപത്തിനുപുറമേ ട്രോളറുകളുടേയും യന്ത്രബോട്ടുകളുടേയും വിലയിനത്തിലും സംസ്ക്കരണപ്രവത്തനങ്ങൾക്കായു

ള്ള ചെലവിനത്തിലും 16 കോടിയോളം രൂപ സ്വകാര്യമേഖലയിൽനിന്നും ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. ബോട്ടുകളുടേയും മററും നിർമ്മാണജോലികൾ 16,000 പേർക്ക് ജോലി നേടിക്കൊടുക്കും. ഇപ്രകാരം ഏകദേശമായ കണക്കുകൂട്ടലുകൾ പ്രകാരം അഴീക്കോട്, ബേപ്പൂർ, നീണ്ടകര, തലായ് തുറമുഖങ്ങളുടെ വികസനത്തിനു് 59 കോടി രൂപ മുടക്കിയാൽ 97,000 പേർക്ക് ഭാഗികമായോ പൂർണ്ണമായോ തൊഴിൽ ലഭിക്കുന്നതാണ്.

## വ്യവസായവത്കരണം

ഏതുനിലയ്ക്കു നോക്കിയാലും കേരളം വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമാണ്. ഇന്നാട്ടിലെ മൊത്തം തൊഴിലാളികളിൽ ചെറിയൊരു വിഭാഗത്തിനു മാത്രമേ വ്യവസായരംഗത്തു് ജോലി ലഭിച്ചിട്ടുള്ളു. ആകെ വ്യവസായരംഗത്തുള്ള 10 ലക്ഷം തൊഴിലാളികളിൽ (1961-ലെ സെൻസസ് പ്രകാരം) 83 ശതമാനം പേർ ചെറുകിട വ്യവസായങ്ങളിലും കുടിൽ വ്യവസായങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരാണ്. ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം ഇന്നു് ഇവിടത്തെ ഫാക്ടറികളിൽ പണിയെടുക്കുന്നവരുടെ സംഖ്യ 2.2 ലക്ഷത്തോളമേ വരൂ. 1960-നും 70-നും ഇടയ്ക്കു് സംഘടിത വ്യവസായരംഗത്തു് കൂട്ടതലായി അരലക്ഷംപേർക്ക് മാത്രമാണ് തൊഴിൽ ലഭിച്ചിട്ടുള്ളതു്. അതേസമയം തൊഴിൽ ചെയ്യാൻ പ്രാപ്തിയുള്ളവരുടെ എണ്ണം 15 ലക്ഷത്തോളം വർദ്ധിക്കുകയും ചെയ്തു. പഞ്ചവത്സരപദ്ധതികളിൽ വ്യവസായവികസനത്തിനു് മതിയായ മുൻഗണന ലഭിക്കാതിരുന്നതാണ് ഈ പൊരുത്തക്കേടിനുള്ള പ്രധാന കാരണമെന്നു് ഇന്നു് ഏവർക്കുമറിയാം. അതിനാൽ മേലിലെങ്കിലും വ്യാവസായികവികസനത്തിനു് പ്രഥമപരിഗണന നൽകുകയും സംസ്ഥാനത്തിൻെറ വിഭവശക്തിയുടെ ഗണ്യമായ ഒരു ഭാഗം ഇതിലേയ്ക്കു് നീക്കിവയ്ക്കുകയും ചെയ്യേണ്ടതിൻെറ ആവശ്യം കമ്മിററി ഊന്നിപ്പറഞ്ഞിരിക്കുന്നു. കൃഷിക്കും സാമൂഹ്യസേവനപ്രവർത്തന

ങ്ങൾക്കുമാണ് ഇതുവരെ കൂടുതൽ തുക നിക്ഷേപിക്കപ്പെട്ടു പോന്നതു്. പുനർനിക്ഷേപത്തിനുള്ള ധനം സ്വരൂപിച്ചു തരാൻ സ്വാഭാവികമായും ഈ രണ്ടു് രംഗങ്ങൾക്കും കഴിഞ്ഞിട്ടുമില്ല. നേരേമറിച്ചു് വ്യാവസായികരംഗത്തെ നിക്ഷേപം ശക്തിപ്പെടുത്തിയാൽ അധികം തൊഴിലുകൾ സൃഷ്ടിക്കുന്നതിനും, ആദായം വർദ്ധിപ്പിക്കുന്നതിനും, പുനർനിക്ഷേപത്തിനുള്ള ധനം കണ്ടെത്തുന്നതിനും സാധിക്കും. അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളിൽ ഭൂരിഭാഗവും കാർഷിക മേഖലയ്ക്കു് പുറത്തുള്ള വ്യവസായങ്ങളിൽ തൊഴിൽ ലഭിക്കാൻ ആഗ്രഹിക്കുന്നവരാണെന്ന വസ്തുതയും വ്യവസായ രംഗത്തു് മുതൽമുടക്കു് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നുണ്ടു്.

## കയർവ്യവസായം

മൂന്നരലക്ഷം പേർക്കു് തൊഴിൽ നൽകുന്ന കയർ വ്യവസായം പ്രതിവർഷം 15 കോടി രൂപയുടെ വിദേശനാണ്യം നേടിത്തരുന്നുണ്ടു്. വീട്ടുപറമ്പുകളിൽതന്നെ ആണല്ലോ കയർ നിർമ്മാണത്തിന്റെ എല്ലാ പ്രക്രിയകളും നടക്കുന്നതു്. കാലാകാലങ്ങളിലുള്ള തൊഴിലില്ലായ്മയ്ക്കു് പേരുകേട്ടതുമാണു് ഈ വ്യവസായം. ഇപ്പോൾ ഈ രംഗത്തുള്ള തൊഴിലാളികളിൽ ചകരിപിരിക്കലിൽ 51 ശതമാനവും, റാട്ട് ചുററലിൽ 25 ശതമാനവും കയറുണ്ടാക്കുന്ന ജോലിയിൽ 50 ശതമാനവും പേർ അധികപ്പററാണെന്നാണു് കയർ ബോർഡ് 1950-ൽ നടത്തിയ സർവ്വേ വ്യക്തമാക്കുന്നതു്.

### കയർവ്യവസായം പുനരുദ്ധരിക്കുവാൻ

കയർ ഉല്പന്നങ്ങൾ ഇപ്പോൾ ധാരാളം വിദേശരാജ്യങ്ങളിലേയ്ക്കു് കയററി അയയ്ക്കുന്നുണ്ടെങ്കിലും മൊത്തം കയററുമതിയുടെ 70 ശതമാനം ഭാഗവും വില കുറഞ്ഞതരം വെറും കയർ (ചരടു്) ആണെന്നുള്ളതു് ശ്രദ്ധേയമാണു്. പല വിദേശ രാജ്യങ്ങളും ചരടിന്റെ ആവശ്യങ്ങൾക്കു നൈലോൺ നൂലും അതുപോലുള്ള നൂലുകളും ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നതിനാൽ, നമ്മുടെ കയർ ഉല്പന്നങ്ങളുടെ

വൈവിദ്ധ്യം മെച്ചപ്പെടുത്തുകയും, പുതിയ മാർക്കററുകൾ കണ്ടുപിടിക്കുകയും ചെയ്യില്ലെങ്കിൽ ഈ വ്യവസായത്തിൻെറ ഭാവി ശോഭനമായിരിക്കുകയില്ല. കയർവ്യവസായം പുനഃസംവിധാനം ചെയ്യുന്നതിലേയ്ക്കു് 15 കോടി രൂപ ചെലവു് വരുന്ന ഒരു പദ്ധതിക്കു് സംസ്ഥാനഗവണ്മെൻറു് രൂപം നൽകിക്കഴിഞ്ഞിട്ടുണ്ടു്. കയർ ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങളിൽ പൈലട്ടു് പ്രോജക്ടുകൾ സ്ഥാപിക്കുകയും പ്രോജക്ട് കേന്ദ്രങ്ങളിൽ അറുന്നൂറോളം കയർ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും കയർവ്യവസായതൊഴിലാളികളെ സഹകരണ പ്രസ്ഥാനത്തിൻെറ പരിധിയിൽ കൊണ്ടുവരികയും ചെയ്യുക എന്നതാണു് ഈ പദ്ധതികൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു്. തൊഴിൽ സാദ്ധ്യതകൾ കൂടുതലായി സൃഷ്ടിക്കുവാൻ ഈ പദ്ധതികൊണ്ടു് ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഇപ്പോൾ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവക്കു കുറേക്കൂടി മെച്ചപ്പെട്ട തോതിൽ തൊഴിൽ സുർക്ഷിതത്വം നൽകാൻ തീർച്ചയായും ഈ പദ്ധതി ഉപകരിക്കും.

## കശുഅണ്ടി വ്യവസായം

കശുഅണ്ടി വ്യവസായരംഗത്തെ പ്രശ്നങ്ങൾ തികച്ചും ഭിന്നമാണു്. വിപണനത്തിനുള്ള പ്രയാസം ഈ രംഗത്തു് ഒരു പ്രശ്നമേയല്ല. എന്നാൽ ഈ വ്യവസായത്തിനാവശ്യമുള്ള തോട്ടണ്ടിയുടെ 60 മുതൽ 70 വരെ ശതമാനം വിദേശങ്ങളിൽനിന്നു് ഇറക്കുമതി ചെയ്യേണ്ടിവരുന്നതിനാൽ ഈ രംഗത്തെ തൊഴിൽനില കശുഅണ്ടിയുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നുവെന്നതാണു് ഒരു ബുദ്ധിമുട്ടു്. ഈ വ്യവസായത്തിലും വേതനനിരക്കു് കുറവാണു്. അതിനാൽ തോട്ടണ്ടി മുടങ്ങാതെ ലഭിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുകയാണു് ഈ വ്യവസായത്തിലെ തൊഴിൽ നിലവാരം ഭദ്രമാക്കുന്നതിലേയ്ക്കു് ആദ്യമായി ചെയ്യേണ്ട കാര്യം. കൂടാതെ നമ്മുടെ നാട്ടിൽത്തന്നെ കശുഅണ്ടി ആവശ്യാനുസരണം വിളയിക്കുന്നതിനുള്ള ദീർഘകാലപദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം.

**ഉപോല്പന്നങ്ങൾ നിർമ്മിക്കണം**

കശുഅണ്ടിപ്പരിപ്പിനു പുറമേ പലതരം ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതുസംബന്ധിച്ച ഗവേഷണങ്ങളും നടന്നു വരികയാണ്. അണ്ടിപ്പരിപ്പിനെ പൊതിഞ്ഞിരിക്കുന്ന തവിട്ടുനിറത്തിലുള്ള തൊലിയിൽനിന്നു ടാനിൻ ഉണ്ടാക്കാമെന്നു പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ടാനിംഗിനുപയോഗിക്കുന്ന ഉല്പന്നം ഇറക്കുമതി ചെയ്യുന്നതിനു് ഇപ്പോൾ പ്രതിവർഷം ഒരു കോടി രൂപ നാം ചെലവഴിച്ചുവരികയാണ്. അതുപോലെതന്നെ തോട്ടെണ്ണയ്ക്കും വിദേശരാജ്യങ്ങളിൽ പ്രിയം കൂടിവരികയാണ്. ഏതാണ്ട് രണ്ടുകോടി രൂപയുടെ തോട്ടെണ്ണ അമേരിക്കയിലേയ്ക്കു് ഇപ്പോൾ കയററി അയച്ചുകൊണ്ടിരിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ കശുഅണ്ടിഫാക്ടറികളിലും കശുഅണ്ടി വറുക്കുന്ന സമയത്തു് തോട്ടെണ്ണ എടുക്കുകയാണെങ്കിൽ 17,000 ടൺ കശുഎണ്ണ ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നു കണക്കാക്കപ്പെട്ടുന്നു. പ്രതിവർഷം 2,500 ടൺ കശുഎണ്ണ ഉല്പാദിപ്പിക്കുന്ന ഒരു ഫാക്ടറിക്കു് മുപ്പതു മുപ്പത്തഞ്ചു് ലക്ഷം രൂപ മുതൽമുടക്കുണ്ടാവും. ഇത്തരം ഒരു ഫാക്ടറിയിൽ 300 പേർക്കു് തൊഴിൽ നൽകുന്നതിനു് സാധിക്കും. കശുമാങ്ങയിൽനിന്നുണ്ടാക്കുന്ന വീര്യമുള്ള മദ്യത്തിനു് വിദേശരാജ്യങ്ങളിൽ നല്ല പ്രിയമാണ്. അതിനാൽ കശുമാവുമദ്യം നിർമ്മിക്കുന്നതു സംബന്ധിച്ച വ്യവസായത്തിനും സാദ്ധ്യതകളുണ്ട്.

**കാഷ്യൂ കോർപ്പറേഷൻ**

50 ലക്ഷം രൂപയുടെ അധികൃത മൂലധനത്തോടെ കൊല്ലം കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'കേരളാ കാഷ്യൂകോർപ്പറേഷൻെറ' പ്രധാന പ്രവർത്തനലക്ഷ്യം കശുഅണ്ടിയുടെ സംഭരണം, സംസ്കരണം, വില്പന എന്നിവയും, കശുമാവിൻതോട്ടങ്ങൾ ഉണ്ടാക്കലുമാണ്. തോട്ടണ്ടി ഇറക്കുമതിയുടെ പരിപൂർണ്ണ ചുമതല കാഷ്യൂകോർപ്പറേഷനെ ഏല്പിക്കുകയും, ഇതിൽനിന്നു ലഭിക്കുന്ന ലാഭം വ്യവസായത്തിൻെറ ഭാവി വികസനത്തിനായി വിനിയോഗിക്കുകയും ചെയ്യണമെന്നതാണ് കമ്മിററിയുടെ ഒരു നിർദ്ദേശം.

ടാനിൻ നിർമ്മാണത്തിനും, തോട്ടെണ്ണ ഉല്പാദിപ്പിക്കുന്നതിനും, കശുമാങ്ങയിൽനിന്ന് മദ്യം ഉണ്ടാക്കുന്നതിനും ആയി 50 ലക്ഷം രൂപ കോർപ്പറേഷനു നൽകണമെന്നും കമ്മിററി ശുപാർശ ചെയ്തിട്ടുണ്ട്.

## ഓട്ടനിർമ്മാണവ്യവസായം

കൊല്ലം, ഫറൂക്ക്, തൃശ്ശൂർ, ആലുവാ എന്നിവിടങ്ങളാണ് സംസ്ഥാനത്തെ പ്രധാന ഓട്ടനിർമ്മാണവ്യവസായകേന്ദ്രങ്ങൾ. കേരളത്തിലെ 230 ഓട്ടനിർമ്മാണ ഫാക്ടറികളിലായി ഇന്നു പതിനയ്യായിരത്തോളം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഇവയിൽ പകുതിയിലധികം തൃശ്ശൂർ ജില്ലയിലാണ്. രാജ്യത്തിനകത്തും പുറത്തും ഓടിനുള്ള ഡിമാൻറു് കുറഞ്ഞിരിക്കുന്നതിനാൽ ഈ വ്യവസായം പ്രതിസന്ധിയിലെത്തി നില്ക്കുകയാണ്. സിലോൺ, ബർമ്മ, മലയ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കു മുമ്പ് ഓട്ടകയററി അയച്ചുകൊണ്ടിരുന്നു. എന്നാൽ അവിടങ്ങളിലെല്ലാം തദ്ദേശീയ ഓട്ടനിർമ്മാണകേന്ദ്രങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ ആ രാജ്യങ്ങൾ ഇപ്പോൾ ഓട്ട് ഇറക്കുമതി ചെയ്യുന്നില്ല. ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും ഇപ്പോൾ ഓടിൻെറ വില്പന മന്ദീഭവിച്ചിരിക്കുകയാണ്. അതിനാൽ സാൾട്ട് ഗ്ലേസ്ഡ് പൈപ്പുകൾ, കെമിക്കൽ സ്റ്റോൺ വെയർ, ഹോളോബ്രിക്സ്, ഫേസിംഗ്ബ്രിക്സ് തുടങ്ങിയവ നിർമ്മിക്കുന്നതിന് ഓട്ടനിർമ്മാണയൂണിററുകൾ ശ്രമിക്കണമെന്നു കമ്മിററി നിർദ്ദേശിക്കുന്നു.

## പുതിയ പ്രോജക്ടുകൾ

ഏതായാലും എത്രതന്നെ പരിശ്രമിച്ചാലും പരമ്പരാഗതവ്യവസായങ്ങളിൽ കണ്ടെത്താവുന്ന തൊഴിൽ സാദ്ധ്യതകൾക്കു പരിമിതിയുണ്ട്. ഇക്കാര്യം മനസ്സിലാക്കി കേരളാ ഫൈനാൻഷ്യൽ കോർപ്പറേഷൻ, കേരളാ സ്റ്റേററു് ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറു് കോർപ്പറേഷൻ, ചെറു

കിടവ്യവസായ സർവ്വീസ് ഇൻസ്റ്റിററ്യൂട്ട്, കേരളാ ചെറുകിട വ്യവസായ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ, പുതുതായി ആരംഭിക്കേണ്ട ചില വ്യവസായങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നാല്പത്തിരണ്ട് പ്രോജക്ടുകൾ കാലതാമസംകൂടാതെ നടപ്പിലാക്കാവുന്ന ഘട്ടത്തിലെത്തിയിരിക്കുകയാണെന്ന് കമ്മിററി കരുതുന്നു. അവ സ്ഥാപിക്കേണ്ട സ്ഥലവും തീരുമാനിക്കപ്പെട്ടിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്. സൂക്ഷ്മോപകരണ സ്പെയർപാർട്ടുകൾ (എറണാകുളം), ഡിസ്റ്റിലറി (പുതുക്കാട്ട്), യന്ത്രവത്കൃത ടാനറി (മലപ്പുറം), ഫാർമസ്യൂട്ടിക്കൽസ് ആൻറ് ഫൈൻ കെമിക്കൽസ് (കല്ലേററുങ്കര–തൃശ്ശൂർ), പോളിത്തീൻ പ്രോഡക്ട്സ് (ചാവക്കാട്ട്), ചന്ദനഎണ്ണ ഉല്പാദനകേന്ദ്രം (കോഴിക്കോട്ട്), സ്റ്റീൽബില്ലററുകളും സ്ക്രാപ്പുകളും റീ റോൾ ചെയ്യാനുള്ള യൂണിററ് (എറണാകുളം), സ്റ്റീൽ റീ റോളിംഗ്മിൽ (കൊല്ലം), കശുമാങ്ങയിൽനിന്നു മദ്യം ഉണ്ടാക്കാനുള്ള യൂണിററ് (എറണാകുളം), ഫോട്ടോഗ്രാഫിക് പേപ്പർ നിർമ്മാണകേന്ദ്രം (എറണാകുളം), സൈക്കിൾപാർട്ട് നിർമ്മാണകേന്ദ്രം (എറണാകുളം), സോഡിയം സിലിക്കേററ് (എറണാകുളം), പ്ലൈവുഡ് (കോഴിക്കോട്ട്), ആയുർവ്വേദ സോപ്പുനിർമ്മാണം (ആലുവ), റബ്ബർ ലൈനിംഗ് യൂണിററ് (എറണാകുളം), ഏ. ഏ. സി. ആൻറ് ഏ. സി. എസ്. ആർ. കണ്ടക്ടേഴ്സ് (ചേർത്തല), റാഫിയാ ബാഗുകൾ (ചേർത്തല), മൈക്രോ സെല്ലുലാർ സോളിംഗ് പ്രോജക്ട് (ചേർത്തല).

ഇവക്കു പുറമേ വൻകിട–ഇടത്തരം വ്യവസായമേഖലയിൽ തുടങ്ങാവുന്ന എട്ട് വ്യവസായങ്ങളും കമ്മിററി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴയിലെ കുപ്പി നിർമ്മാണശാലയും, ചാലക്കുടിയിലെ എസ്റ്റികറൻറുകളുച്ചസ് യൂണിററും ഇതിൽ ഉൾപ്പെട്ടും. തെർമിസ്റ്റേഴ്സ് വാരിസ്റ്റേഴ്സ് നിർമ്മാണം, നിക്കൽ കാഡ്മിയം സെൽസ്സ്,

ഫീൽഡ് എഫക്ട് ട്രാൻസിസ്റ്റേഴ്സ്, മാഗ്നററിക് റെക്കോർഡിംഗ് പ്ലേബാക്ക് ടേപ്പ് നിർമ്മാണം എന്നിവയ്ക്കായുള്ള ഫാക്ടറികളുടെ സ്ഥാനം ഇതുവരെ നിശ്ചയിച്ചുകഴിഞ്ഞിട്ടില്ല.

## അവശവിഭാഗങ്ങൾക്കു പ്രത്യേക പരിഗണന

തൊഴിൽ നേടിക്കൊടുക്കുന്നതിനുള്ള ഏതു പ്രവർത്തനങ്ങളിലും, ഹരിജനങ്ങൾ തുടങ്ങിയ അവശവിഭാഗങ്ങൾക്കു പ്രത്യേക പരിഗണന നൽകണമെന്നു കമ്മിററി അനുസ്മരിപ്പിക്കുന്നു. സാമൂഹ്യവും സാമ്പത്തികവും ആയ കാരണങ്ങളാൽ അവഗണിക്കപ്പെട്ടു കിടന്ന അത്തരം വിഭാഗങ്ങൾക്കു അർഹമായ പരിഗണന നൽകുന്നതിലേയ്ക്കു ഹരിജനങ്ങൾക്കായുള്ള ഒരു ഡവലപ്പ്മെൻറു കോർപ്പറേഷൻ രൂപീകരിക്കണമെന്നും കമ്മിററി ശുപാർശചെയ്തിട്ടുണ്ടു്.

1969-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം, മിച്ചഭൂമിയുടെ 50 ശതമാനം പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ആയി നീക്കിവയ്ക്കണമെന്നു അനുശാസിക്കുന്നുണ്ടു്. ഈ പദ്ധതി വിജയകരമാകണമെങ്കിൽ, സാമ്പത്തിക വികസനത്തിനുള്ള ഒരു പരിപാടിക്കുടെ ഇതോടൊപ്പം ആസൂത്രണം ചെയ്യുകയും പ്രസ്തുത വിഭാഗത്തിൻെറ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണു്. അതിനാൽ അർഹതയുള്ളവർക്കു മിച്ചഭൂമി പതിച്ചുകൊടുക്കുക, ഹരിജന കുടുംബങ്ങൾക്കു വീടു കെട്ടിക്കൊടുക്കുക, ഈ വിഭാഗത്തിൻെറ സാമ്പത്തികമായ വളർച്ചയ്ക്കുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക എന്നിവയായിരിക്കും നിർദ്ദിഷ്ട കോർപ്പറേഷൻെറ ചുമതലകൾ. ക്ഷീരോല്പാദനം, കോഴിവളർത്തൽ, ഗ്രാമവ്യവസായങ്ങൾ തുടങ്ങിയവ വ്യാപകമായ തോതിൽ സംഘടിപ്പിച്ചു് ഹരിജനങ്ങളുടെ ആദായം വർദ്ധിപ്പിക്കുന്നതിനു കോർപ്പറേഷൻ ശ്രമിക്കേണ്ടതാണു്. ഇപ്രകാരം ഒരു കുടുംബത്തിനു് 1000 രൂപ എന്ന നിരക്കിൽ 30,000 കുടുംബങ്ങൾക്കുവേണ്ടി മൂന്നുകോടി രൂപ ചെലവഴിക്കണ

മെന്നാണ് നിർദ്ദേശം. ഒരു ലക്ഷത്തിലേറെ ഹരിജനങ്ങൾക്കു് മുഴവൻസമയ ജോലി നൽകുന്നതിനുള്ള ഈ പദ്ധതിമുഖേന, വികസനപ്രവർത്തനങ്ങളുടെ മുഖ്യധാരയിൽനിന്നു് പിൻതള്ളപ്പെട്ടുപോയ വിഭാഗങ്ങൾക്കു് സാമ്പത്തികവികസനത്തിൻെറ സൽഫലങ്ങൾ എത്തിക്കുവാൻ കഴിയുമെന്നു കമ്മിററി പ്രതീക്ഷിക്കുന്നു. കോർപ്പറേഷൻെറ ചെലവ് ആകെ പത്തുകോടി രൂപയായിരിക്കുമെന്നു് കമ്മിററി കണക്കാക്കിയിരിക്കുന്നു.

## അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ

അഭ്യസ്തവിദ്യരായ തൊഴിൽരഹിതരാണ് പ്രത്യേക പരിഗണന അർഹിക്കുന്ന മറെറാരു വിഭാഗം. എഞ്ചിനീയറിംഗ് ഡിഗ്രി, ഡിപ്ലോമാ, ഐ. ററി. ഐ. സർട്ടിഫിക്കററു് എന്നിവ നേടിയിട്ടുള്ള ഏതാണ്ടു് 31,000 ടെക്നീഷ്യന്മാരും, നാലയ്യായിരം പോസ്റ്റ്ഗ്രാഡ്വേററു് ബിരുദധാരികളും ഇപ്പോൾ ഇന്നാട്ടിൽ ഉദ്യോഗാർത്ഥികളായുണ്ടെന്നു് കണക്കാക്കപ്പെടുന്നു. ഉന്നതവിദ്യാഭ്യാസവും സാങ്കേതിക വൈദഗ്ദ്ധ്യവും നേടിയ വിഭാഗത്തിൻെറ ഇടയ്ക്കുള്ള തൊഴിലില്ലായ്മ രാജ്യത്തിൻെറ ദൗർലഭ്യവും വിലപിടിച്ചതുമായ പ്രതിഭയെ പാഴാക്കലാണ്. അതിനാൽ ഇവരുടെ സേവനം രാജ്യത്തിനു് പ്രയോജനപ്പെടുത്താനുള്ള ചില പരിപാടികൾ അടുത്ത കാലത്തു് ആവിഷ്കരിക്കുകയുണ്ടായി. ഉദാരമായ തോതിൽ ബാങ്കുകളിൽനിന്നു് ഈ വിഭാഗത്തിനു വ്യവസായവല്ക്കരണത്തിനുള്ള ധനം ലഭ്യമാക്കുക എന്ന പരിപാടിയും ഇതിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ സാങ്കേതിക വിദഗ്ദ്ധന്മാർ സ്വയം സംഘടിച്ചു് സമഗ്രമായ വ്യവസായവൽക്കരണത്തിനുള്ള ഒരു പരിപാടിയുമായി ഇപ്പോൾ മുന്നോട്ടു് വന്നിരിക്കുകയാണ്. കേരളാ സ്റ്റേററു് എഞ്ചിനീയറിംഗ് ടെക്നീഷ്യൻസ് വ്യവസായസഹകരണസംഘമാണ് ഇക്കാര്യത്തിൽ മുൻകൈ എടുത്തിരിക്കുന്നതു്. 51 ലക്ഷം രൂപയുടെ അധികൃതമൂലധനത്തോടെ ആരംഭിച്ചിരിക്കുന്ന ഈ സംഘത്തിൽ സംസ്ഥാനത്തിൻെറ വിവിധ ഭാഗ

ങ്ങളിൽ നിന്നായി 600 പേർ അംഗങ്ങളായി ചേൎന്നിട്ടുണ്ട്. ഇതിൻെറ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ഒരു സ്ക്കൂട്ടർനിൎമ്മാണയൂണിററ് പ്രവൎത്തനമാരംഭിച്ചുകഴിഞ്ഞു. തൃക്കാക്കരയിൽ ഒരു ബോട്ട് ബിൽഡിംഗ്യൂണിററും ഒരു ജനറൽ എഞ്ചിനീയറിംഗ് കേന്ദ്രവും, ഒററപ്പാലത്തൊരു ഫൗണ്ടറിയും, മലപ്പുറത്ത് ഒരു സിവിൽ കൺസ്ട്രക്ഷൻ യൂണിററും അടിയന്തിരമായി ആരംഭിക്കണമെന്നാണ് ഈ സംഘം നിശ്ചയിച്ചിട്ടുള്ളതു്. താമസിയാതെ താഴെപ്പറയുന്ന വ്യവസായയൂണിററുകളും ആരംഭിക്കണമെന്ന് സംഘം തീരുമാനിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു.

1. കൊല്ലം, ഒററപ്പാലം, തൃശ്ശൂർ എന്നിവിടങ്ങളിൽ ഓരോ ഫൗണ്ടറികൾ.

2. ഗാർഹികാവശ്യങ്ങൾക്കുള്ള വൈദ്യുതോപകരണങ്ങൾ നിൎമ്മിക്കുവാനുള്ള ഒരു ഫാക്ടറി.

3. റബ്ബറൈസ്ഡ് ഫൈബർ ഫാക്ടറി.

4. ആട്ടോമൊബൈൽ സൎവ്വീസ് ഷോപ്പുകളും ആട്ടോമൊബൈൽ പാർട്ടുകളുടെ നിൎമ്മാണവും.

5. പവ്വർ ടില്ലർയൂണിററു്.

6. സ്റ്റീൽ ഫർണിച്ചർയൂണിററു്.

7. ജനറൽ എഞ്ചിനീയറിംഗ് യൂണിററും സ്മാൾ ടൂൾ നിൎമ്മാണയൂണിററും.

8. പ്രീ ഫാബ്രിക്കേററഡ് ഹൗസിംഗ്യൂണിററു്.

മേൽപ്പറഞ്ഞ എല്ലാ വ്യവസായങ്ങൾക്കുമായി 265 ലക്ഷം രൂപയുടെ മുതൽമുടക്ക് വേണ്ടിവരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. മൂവായിരം ടെക്നിഷ്യന്മാൎക്ക് ഇവയിൽ ജോലി നൽകാൻ കഴിയുമെന്ന് സംഘം പ്രവൎത്തകർ കണക്കാക്കിയിട്ടുണ്ട്.

## പാഠ്യപുസ്തകം തയാറാക്കാൻ 'ടാസ്ക്ഫോഴ്സ്'

പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദധാരികൾക്ക് താൽക്കാലികമായി തൊഴിൽ കണ്ടെത്തുവാൻ കമ്മിററി മറെറാരു നിർദ്ദേശം ഉന്നയിച്ചിട്ടുണ്ട്. യൂണിവേഴ്സിററിതലത്തിലുള്ള ബോധനമാദ്ധ്യമം മലയാളത്തിലാക്കാൻ എല്ലാ സാദ്ധ്യതകളും തെളിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ ഇതിലേക്കാവശ്യമായ പാഠ്യപുസ്തകങ്ങൾ തയാറാക്കുന്നതിനു് ഇവരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നതാണ് ഈ നിർദ്ദേശം. പ്രകൃതിശാസ്ത്രം, ഭൗതികശാസ്ത്രം, എഞ്ചിനീയറിംഗ്, ടെക്നോളജി, ആർട്ട്സ്, സോഷ്യൽ സയൻസ്, ഹ്യൂമാനിററിസ് എന്നീ വിഷയങ്ങളിൽ പഠ്യപുസ്തകങ്ങൾ തയാറാക്കുന്നതിനു് അഞ്ഞൂറു് പോസ്റ്റ് ഗ്രാഡ്വേററു് ബിരുദധാരികൾ ഉൾക്കൊള്ളുന്ന ഒരു 'ടാസ്ക് ഫോഴ്സി'നെ നിയോഗിക്കണമെന്നും ഇവക്ക് സ്റ്റൈപ്പൻറു നൽകുന്നതിനായി ഒരു കോടി രൂപ നീക്കിവയ്ക്കണമെന്നുമാണ് കമ്മിററിയുടെ അഭിപ്രായം. മലയാളത്തിലുള്ള വിജ്ഞാനസാഹിത്യശാഖയെ പരിപോഷിപ്പിക്കുന്നതിനും അതിലേക്ക് പ്രതിഭാശാലികളായ യുവാക്കന്മാരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും ഈ പരിപാടി പ്രയോജനപ്പെടും.

## ചെലവു് 186 കോടി രൂപ

മൊത്തത്തിൽ 186 കോടി രൂപ ചെലവുവരുന്ന പദ്ധതികളാണ് കമ്മിററി നിർദ്ദേശിച്ചിട്ടുള്ളതു്. കാഷികമേഖലയിൽ 47 കോടിയും, മത്സ്യബന്ധനപരിപാടികൾക്ക് 58 കോടിയും, വ്യവസായവല്ക്കരണത്തിനു് 81 കോടിയും രൂപ നിക്ഷേപിക്കേണ്ടിവരുമെന്നു് കണക്കാക്കപ്പെടുന്നു. ഇതിൽ 30 കോടി രൂപ സംസ്ഥാനഗവണ്മെൻറും 30 കോടി രൂപ കേന്ദ്രഗവണ്മെൻറും ലഭ്യമാക്കുകയും 102 കോടി രൂപ ഇൻസ്റ്റിററ്യൂഷണൽ ഫൈനാൻസിംഗ്മുഖേന കണ്ടെത്തുകയും 24 കോടിരൂപ സ്വകാര്യമേഖലയിൽനിന്നും നിക്ഷേപമുണ്ടാവുകയും ചെയ്യണമെന്നതാണ് കമ്മിററിയുടെ അഭിപ്രായം.

## കേന്ദ്രഗവൺമെൻറ് അംഗീകാരം നൽകണം

ഈ പദ്ധതി കേന്ദ്രഗവണ്മെൻറിൻെറ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ട് ഇപ്പോൾ ഒന്നരവർഷത്തിലധികമായിരിക്കുന്നു. അംഗീകാരം വളരെവേഗം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളാ നിയമസഭ ഒരു പ്രമേയം ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. എന്തുകൊണ്ടോ, ഈ തൊഴിൽദാനപദ്ധതിക്ക് അംഗീകാരം നൽകുവാനും പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുവാനും സന്നദ്ധമാകാതെ കേന്ദ്രഗവണ്മെൻറ് കുററകരമായ മൗനം അവലംബിക്കുകയാണ്. ഈ അനാസ്ഥയും അവഗണനയും അവസാനിപ്പിക്കണമെന്നും 186 കോടി രൂപയുടെ പദ്ധതിക്ക് വളരെ വേഗം അംഗീകാരം നൽകണമെന്നുമാണ് അഖിലേന്ത്യാ യുവജനഫെഡറേഷൻെറയും അഖിലേന്ത്യാ വിദ്യാർത്ഥിഫെഡറേഷൻെറയും സംസ്ഥാനക്കമ്മിററികൾ ആവശ്യപ്പെടുന്നതു്. ഇതു നേടിയെടുക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിൽ മുഴുവൻ ജനങ്ങളുടേയും പിന്തുണ ഈ സംഘടനകൾക്കുണ്ടായിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

★

PG Library & Research Center

PRINTED AT

THE JANAYUGOM PRESS, QUILON.

# തൊഴിലെവിടെ?

കേരളാഗവൺമെൻറ്
സമർപ്പിച്ച
736 കോടി രൂപയുടെ
തൊഴിൽദാന പദ്ധതിക്ക്
കേന്ദ്രഗവൺമെൻറ്
അംഗീകാരം നൽകുക!

331.20954

**A I Y F, A I S F**